**Desabhimani**

**27 August 2018**

**Kochi, After Flood, Awareness**

# ബോധവൽക്കരണം നടത്തും

**കൊച്ചി**

പ്രളയദുരന്തവുമായ് ബന്ധപ്പെട്ട് മരുന്നുകളെയും ശുചീകരണവസ്തുക്കളെയും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ശാസ്ത്രീയനിർദേശങ്ങൾ നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് ആശാപ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണം സംഘടിപ്പിക്കുന്നത്. ആരോഗ്യവകുപ്പിന്റെ പ്രത്യേക കൺട്രോൾറൂം ജനറൽ ആശുപത്രി കോൺഫറൻസ് ഹാളിൽ പ്രവർത്തിക്കുന്നുണ്ട്.

ഏലൂർ മഞ്ഞുമ്മലിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്റെ ഗോഡൗണിൽമാത്രമാണ് ഇപ്പോൾ മരുന്നുവിതരണം നടക്കുന്നത്. ഇവിടെനിന്ന് സ്ഥാപനങ്ങൾക്കുമാത്രമാണ് മരുന്നുകൾ ലഭിക്കുന്നതെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.